# 17th Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

July 24, 2020

## ഇന്ത്യ -ചൈന അതിർത്തി പ്രശ്നങ്ങൾ കൂടിയാലോചിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തന രീതികൾ സംബന്ധിച്ച 17 മത് യോഗം

**ജൂലൈ 24, 2020**

ഇന്ത്യ -ചൈന അതിർത്തി പ്രശ്നങ്ങൾ കൂടിയാലോചിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തന രീതികൾ (WMCC) സംബന്ധിച്ച 17 മത് യോഗം 2020 ജൂലൈ 24 നു ചേർന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ വകുപ്പിൽ നിന്നും ജോയ്ന്റ് സെക്രട്ടറി (കിഴക്ക് ഏഷ്യ) നയിച്ചപ്പോൾ ചൈനയുടെ സംഘത്തിനു ചെനീസ് വിദേശ മന്ത്രിസഭയിലെ അതിർത്തി, കടൽ വകുപ്പിലെ ഡയറക്റ്റർ ജനറൽ നേതൃത്വം നൽകി.

2. പടിഞ്ഞാറൻ പ്രവിശ്യയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ (LAC) നടന്നു കൊണ്ടിരിക്കുന്ന പിന്മാറ്റ നടപടികളും ഇന്ത്യ -ചൈന അതിർത്തി പ്രാദേശികളിലെ നിലവിലെ സാഹചര്യവും ഇരു ഭാഗങ്ങളും വിലയിരുത്തി. യഥാർത്ഥ നിയന്ത്രണ രേഖയിൽ (LAC)നിന്നും സൈന്യങ്ങളെ എത്രയും നേരത്തെ പൂർണമായും നീക്കം ചെയ്യുന്നതും ഇന്ത്യ -ചൈന അതിർത്തികളിൽ നിന്നും പിൻവലിക്കുന്നതും ഉഭയകക്ഷി ഉടമ്പടികൾക്കും നയങ്ങൾക്കും അനുസൃതമായാണ് എന്നും, ഇത് പൂർണമായ സമാധാനവും ശാന്തതയുംപുനഃസ്ഥാപിക്കുന്നതിനും ഉഭയകക്ഷി ബന്ധങ്ങളുടെ സുഗമമായ വികസനത്തിനും വളരെ അത്യവശ്യമാണ് എന്ന് അവർ സമ്മതിച്ചു.ഇത് 2020 ജൂലൈ 5 ന് നടത്തിയ ഫോൺ സംഭാഷണത്തിലൂടെ രണ്ടു പ്രത്യേക പ്രതിനിധികളും (SR കൾ)തമ്മിൽ എത്തിച്ചേർന്ന ഉടമ്പടി അടിസ്ഥാനമാക്കിയതാണെന്ന് രണ്ടു വിഭാഗങ്ങളും നിരീക്ഷിച്ചു. ഇത് സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥർ ഇത് വരെ ചേർന്ന യോഗങ്ങളിൽ എത്തിയ ധാരണകൾ സത്യസന്ധമായി നടപ്പിലാക്കുന്നത് അത്യാവശ്യമാണെന്ന് അവർ സമ്മതിച്ചു.

പെട്ടന്ന് തന്നെ പൂർണമായ സൈനിക പിന്മാറ്റവും നടത്തി അത് വഴി അതിർത്തി മേഖകളിലെ സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കുന്നതിന് ഭാവിയിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥരുമായി ഒരു യോഗം അടുത്ത് തന്നെ ചേരുമെന്ന് ഇരു വിഭാഗങ്ങളും സമ്മതിച്ചു.

3. WMCC യുടെ സമ്മേളനങ്ങൾ ഉൾപ്പെടെ നടന്നു വരുന്ന നയതന്ത്രപരവും സൈനികവുമായ എല്ലാ ഇടപാടുകളും തുടരുന്നതിനു ഇരു വിഭാഗവും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**24 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.